പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. T 4267

17.05.2017-ൽ മറുപടിയ്ക്ക്

## പോക്സോ നിയമപ്രകാരം ആദിവാസി യുവാക്കൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) പോക്സോ നിയമപ്രകാരം ആദിവാസി യുവാക്കൾക്കെതിരെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ ശിക്ഷിച്ചുവെന്നും വെളിപ്പെടുത്തുമോ ; | (എ) പോക്സോ നിയമം നിലവിൽ വന്ന് നാളിതു വരെ (09.05.2017) വരെ 166 കേസുകൾ രജിസ്റ്റർ ചെയ്യുകയും 14 പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമപ്രകാരം എടുത്ത കേസുകൾ പുനരന്വേഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |
| (സി) ആദിവാസി വിഭാഗങ്ങൾക്കിടയിൽ പ്രസ്തുത നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഗോത്രാചാര പ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വിവാഹം ചെയ്ത് കുടുംബജീവിതം നയിക്കുന്ന ആദിവാസി യുവാക്കൾക്ക് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള നിയമ ലംഘനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട് ജയിലിലടയ്ക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെ ക്കുറിച്ചും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെ ക്കുറിച്ചും അവബോധം നൽകുന്നതിന് പോലീസ് ഉദ്യോഗസ്ഥർകോളനികളിൽ സന്ദർശനം നടത്തി ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ